21643

നം.എ2/131/16/ആർഎഡി/റ്റിവിഎം

മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ
കാര്യാലയം,തിരുവനന്തപുരം,
email-radtrivandrum@gmail.com.
ഫോൺ.നം.0471-2342896
തിയതി,15.05.2017

മേഖലാ അസിസ്റ്റന്റ് ഡയറക്ടർ,
തിരുവനന്തപുരം

O/o OF THE REGIONAL ASST. DIRECTOR
POOJAPPURA
THIRUVANANTHAPURAM 12
SOCIAL JUSTICE DEPT.

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം.- സാമൂഹ്യനീതി വകുപ്പ്- മേഖലാ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്.-തിരു-
വിവരവകാശനിയമം- 2005 മറുപടി-സംബന്ധിച്ച്

സൂചന.-1. സാമൂഹ്യനീതിഡയറക്ടറുടെ 27/04/2017-ലെ ജി3/17157/17 നമ്പർ കത്ത്.

വിവരവകാശനിയമം 2005 പ്രകാരം ശ്രീ.എം.ആർ. അജിത്കുമാർ സമർപ്പിച്ച അപേക്ഷയിലെ ചോദ്യങ്ങൾക്കുള്ള മറുപടി ഈ ആഫീസിൽ നിന്ന് നേരിട്ട് നൽകിയ വിവരം അറിയിക്കുന്നു. അപേക്ഷകന് നൽകിയ മറുപടിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

മേഖലാ അസിസ്റ്റന്റ് ഡയറക്ടർ,
തിരുവനന്തപുരം

പകർപ്പ്

എം. ആർ. അജിത്കുമാർ.
രാധാമാധവം. മണ്ണക്കോട്
ഉറിയാക്കോട്.P.O.
വെള്ളനാട്.

ക്രമ..നം　　　　　　　　　　മറുപടി

1. തിരുവനന്തപുരം ജില്ലയിൽ വെള്ളനാട് ഗ്രാമപഞ്ചായത്തിൽ രണ്ട് ലഹരിവിരുദ്ധ ചികിത്സാ കേന്ദ്രങ്ങൾക്കാണ് കേന്ദ്രസർക്കാർ ധനസഹായം ലഭിക്കുന്നത്.

1. ഡെയിൽ വ്യൂ
. പുനലാൽ വെള്ളനാട്,
. തിരുവനന്തപുരം

2. ഗ്യാലക്സി
. കരുണാസായി റോഡ്
. വെള്ളനാട്,തിരുവനന്തപുരം

2. കേന്ദ്രസർക്കാർ അനുവദിക്കുന്ന ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാകയാൽ പ്രത്യേക സമയം നിശ്ചയിക്കാനാവില്ല.

3. ചികിത്സിക്കാൻ അനുവദനീയമായവരുടെ എണ്ണം അനുസരിച്ച് യൂണീറ്റ് കണക്കാക്കിയാണ് ധനസഹായം നല്കുന്നത്. ചോദ്യത്തിൽ ഏത് സാമ്പത്തിക വർഷത്തെ ധനസ്ഹായമാണ് എന്ന് വ്യക്തമല്ല.

2016-17 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചതായി രേഖകൾ ലഭ്യമല്ല.

4. 2-ാം ചോദ്യത്തിന്റെ ഉത്തരം ബാധകം

5. സ്ഥാപനങ്ങൾക്ക് നല്കുന്ന ധനസഹായം ഒരു .യൂണീറ്റ് കണക്കാക്കി ഭൗതീക സാഹചര്യം മെച്ചപ്പെടുത്താനും ജീവനക്കാരുടെ വേതനവും കണക്കാക്കിയാണ്.

06. MSJE( Ministry of Social Justice and Empowerment) ൽ ഓൺ ലൈൻ അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കും സംഘടനകൾക്കുമാണ് ഗ്രാന്റ് നല്കുന്നത്. മാനദണ്ഡം പ്രസ്തുത സൈറ്റിൽ ലഭ്യമാണ്.

07. ഉണ്ട്. ഓഡിറ്റിംഗിൽ ആവശ്യമായ എന്ത് വിവരമാണ് വേണ്ടതെന്ന് ചോദ്യത്തിൽ വ്യക്തമല്ല.

08. 15 കിടക്കയുള്ള IRCA കളിൽ താഴെപറയുന്ന വിധം തസ്തികകളുണ്ട്.

| ക്രമ. നം | തസ്തിക | എണ്ണം | യോഗ്യത |
|---|---|---|---|
| 1 | പ്രോജക്ട് കോ-ഓർഡിനേറ്റർ കം വൊക്കേഷണൽ കൗൺസിലർ | 1 | ഗ്രാഡ്വേഷനോടൊപ്പം കമ്പ്യൂട്ടർ പരിഞ്ജ്ഞാനവും, 3 വർഷത്തെ പ്രവൃത്തി പരിചയവും |
| 2 | അക്കൗണ്ടന്റ് കം-ക്ലർക്ക് | 1 | ഗ്രാഡ്വേഷനോടൊപ്പം കമ്പ്യൂട്ടറിലും . അക്കൗണ്ടിങ്ങിലും പരിഞ്ജ്ഞാനം |
| 3 | സ്വീപ്പർ / ചൗക്കിദാർ | 2 | നിഷ്കർഷയില്ല |
| 4 | മെഡിക്കൽ ആഫീസർ (പാർട്ട്-ടൈം) | 1 | MBBS അല്ലെങ്കിൽ തത്തുല്യ യോഗ്യത |

| | | | |
|---|---|---|---|
| 5 | കൗൺസിലർ/സോഷ്യൽ വർക്കർ/ .സൈക്കോളജിസ്റ്റ്/ കമ്മ്യൂണിറ്റി .വർക്കർ | 3 | ഗ്രാഡ്വേഷനും ബന്ധപ്പെട്ട മേഖലയിൽ 3 വർഷത്തെ പരിചയവും addiction counselling ഉള്ളവർക്ക് മുൻഗണന |
| 6 | യോഗാ തെറാപ്പിസ്റ്റ് | 1 | ISM & H നിഷ്കർഷിച്ചിട്ടുള്ള യോഗ്യത |
| 7 | നഴ്സ് / വാർഡ് ബോയ് | 2 | നഴ്സ് ഹൈസ്ക്കൂൾ / തത്തുല്യ യോഗ്യത അംഗീകൃത സ്ഥാപനത്തിലെ നാഴ്സിംഗ് സർട്ടിഫിക്കറ്റ്. വാർഡ് ബോയ്-8-ാം ക്ലാസ്സ് പാസ്സായ തൊഴിൽ പരിചയമുള്ളവർ |
| 8 | പീയർഎഡ്യൂക്കേറ്റർ | | അക്ഷരാഭ്യാസമുണ്ടായിരിക്കണം മുൻപ് ലഹരി . വസ്തുക്കൾ ഉപയോഗിച്ചിരുന്നവരാകണം |

9. സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ധനസഹായം സംബന്ധിച്ച വിവരം പിന്നീട് ,സ്ഥാപനം സമർപ്പിക്കുന്ന അപേക്ഷയിലൂടെയാണ് നിലവിൽ ലഭ്യമാകുന്നത്. 2016-2017 സാമ്പത്തിക വർഷത്തെ അപേക്ഷകളിൽ ധനസഹായം ലഭിച്ച വിവരം അടുത്ത സാമ്പത്തിക വർഷം സ്ഥാപനം സമർപ്പിക്കുന്ന അപേക്ഷയോടൊപ്പമുള്ള ഗ്രാന്റ് ലഭിച്ച ഉത്തരവിന്റെ പകർപ്പ് ലഭിച്ചാൽ മാത്രമേ ഈ കാര്യാലയത്തിൽ അറിയുവാൻ സാധിക്കുകയുള്ളൂ.

Regional Asst. Director
Social Justice Dept.
Poojappura
Thiruvananthapuram.